പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 18/10/2016 ൽ

നിയമസഭാ ചോദ്യം നമ്പർ 350 മറുപടിക്ക്

**പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീമതി. യു.പ്രതിഭ ഹരി<br>ശ്രീ.പി.ഉണ്ണി | ശ്രീ. പിണറായി വിജയൻ<br>(മുഖ്യ മന്ത്രി) |

എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലെ സ്ഥിതി അവലോകനം നടത്തിയിരുന്നോ; വിശദാംശം നൽകുമോ;

ബി) ഏതൊക്കെ സ്ഥാപനങ്ങൾ നഷ്ടത്തിലാണെന്നും അതിന്റെ മുഖ്യ കാരണങ്ങളും അറിയിക്കാമോ;

എ) & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ് മുഖേന നടത്തുകയുണ്ടായി.

കാലാനുസൃതമായ സാങ്കേതികവിദ്യ നടപ്പിലാക്കി വിപണനത്തിനനുയോജ്യമായ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണത്തിലുണ്ടായ കാലതാമസം സ്ഥാപനങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇറക്കുമതിയും, വിപണിയിൽ നിന്നുള്ള കടുത്ത മത്സരത്തേയും, വർദ്ധിച്ച ഉൽപ്പാദനചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികളുടെ പ്രവർത്തനം മത്സരക്ഷമമാകുവാൻ കഴിയാഞ്ഞതും, മൂലധനത്തിന്റെ അപര്യാപ്തതയുമാണ് മിക്ക സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്ന തിനുള്ള പ്രധാന കാരണങ്ങൾ.

വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015 16ലെ ആഡിറ്റിനു മുൻപുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.

| | |
|---|---|
| സി) അഴിമതികൊണ്ടും കെടുകാര്യസ്ഥത കൊണ്ടും നാശോന്മുഖമായ പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിനും നവീകരിക്കുന്നതിനും എന്തൊക്കെ പദ്ധതികളുണ്ടെന്ന് അറിയിക്കാമോ? | സി) ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും, വിപുലീകരണവും, ഉൽപ്പാദന വൈവിധ്യവത്ക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത് സാമ്പത്തിക ലഭ്യതകൂടി കണക്കിലെടുത്തായിരിക്കും. ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുന:രുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃത്തിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചായിരിക്കും തുടർ നടപടികൾ കൈക്കൊള്ളുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| 1 | കെൽപാം |
| 2 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 3 | ടെക്സ്ഫെഡ് |
| 4 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് |
| 5 | ഹാൻറക്സ് |
| 6 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 7 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 8 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഹാൻഡ്‌ലൂം ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 10 | ഹാൻറി ക്രാഫ്റ്റ്സ് ഡവലപ്മെൻറ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് |
| 11 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 12 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 13 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡക്ട്സ് ലിമിറ്റഡ് |
| 14 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 15 | കേരള ക്ലേയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് |
| 16 | ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 17 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 18 | കേരള സ്മോൾ ഇൻഡ്രസ്ടീസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 19 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 20 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 21 | ദി ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് |
| 22 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 23 | ദി ക്വയിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 24 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 25 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 26 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 27 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 28 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ് |
| 29 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 30 | സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ് |
| 31 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |